**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2674** — **12/03/2018 -ൽ മറുപടിക്ക്**

## വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ് ഇല്ലാതാക്കുന്നതിന് യു.ജി.സി മാർഗ്ഗ നിർദ്ദേശങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.റോജി എം.ജോൺ | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) രാജ്യത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംഗ് പൂർണ്ണമായും ഇല്ലാതാക്കുന്നതിന് യു.ജി.സി. എന്തെങ്കിലും പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;<br><br>(ബി) വംശീയവും, ഭാഷാപരവും, ജാതീയവുമായ അതിക്രമങ്ങൾ ക്കെതിരെയും ലൈംഗീക അതിക്രമങ്ങൾ ക്കെതിരെയും വിവിധ പരിപാടികൾ ക്യാമ്പസുകളിൽ സംഘടിപ്പിക്കണമെന്ന നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ) & (ബി) ഉണ്ട്. യു.ജി.സി. 2009-ൽ ആന്റി റാഗിംഗുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച റെഗുലേഷന് 2016ൽ ഭേദഗതി പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഭേദഗതി പ്രകാരം നിറത്തിന്റെയോ, വർഗ്ഗത്തിന്റെയോ, മതത്തിന്റെയോ, ജാതിയുടെയോ, ജെന്ററിന്റെയോ, ദേശീയതയുടെയോ, പ്രദേശത്തിന്റെയോ, ഭാഷയുടെയോ, സാമ്പത്തിക സ്ഥിതിയുടെയോ പേരിലുള്ള അധിക്ഷേപങ്ങളും കളിയാക്കലുകളും ആന്റി റാഗിംഗ് നിയമത്തിന്റെ പരിധിയിൽ കൊണ്ടു വന്നു. ബഹു.സുപ്രീം കോടതി അപ്പീൽ നം.887/2009ൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ റാഗിംഗിനെതിരെ കാമ്പസുകളിൽ ജാഗ്രതാസമിതികൾ പ്രവർത്തിച്ച വരുന്നു. ഇക്കാര്യത്തിൽ ജാഗ്രത പുലർത്തണമെന്നും ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ സമയബന്ധിതമായി ബന്ധപ്പെട്ടവർക്ക് സമർപ്പിക്കണമെന്നും സർവ്വകലാശാല രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കുട്ടികളിൽ ജനാധിപത്യം, പരസ്പര ബഹുമാനം, അക്രമരാഹിത്യം തുടങ്ങിയവ പരിപോഷിപ്പിക്കുന്നതിന് ഉതകുന്ന വിവിധ പരിപാടികൾ സംഘടിപ്പിക്കുമോ; വ്യക്തമാക്കാമോ; | (സി) | കുട്ടികളിൽ ജനാധിപത്യം, പരസ്പര ബഹുമാനം, അക്രമരാഹിത്യം തുടങ്ങിയവ പരിപോഷിപ്പിക്കുന്നതിന് വിവിധ സർവ്വകലാശാലകൾ യുവജനക്ഷേമബോർഡ്, എൻ.എസ്.എസ്.യൂണിറ്റ്, സ്റ്റുഡൻസ് സെന്ററുകൾ എന്നിവയുടെ നേതൃത്വത്തിൽ വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ഡി) | കേരള സർവ്വകലാശാലയിൽ ബയോ ഇൻഫർമാറ്റിക്സിന് പഠിക്കുന്ന ആന്ധ്രാപ്രദേശ് സ്വദേശിയായ പട്ടിക വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥിയെ 2016 ഒക്ടോബറിൽ ഹോസ്റ്റലിൽ വച്ച് ക്രൂരമായി റാഗിംഗിന് ഇരയാക്കി എന്ന പരാതി ലഭിച്ചിട്ടുണ്ടോ; ഇതിൽ അന്വേഷണം നടത്തിയോ; കുറ്റക്കാർക്കെതിരെ നടപടി എടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) & (ഇ) | കേരള സർവ്വകലാശാലയിലെ എം.എസ്.സി.ബയോ ഇൻഫർമാറ്റിക്സ് വിദ്യാർത്ഥിയായ ശ്രീ.രാജേഷ് ബാബു റാഗിംഗിനു വിധേയനായി എന്ന ഒരു പരാതി കേരള സർവ്വകലാശാല വൈസ് ചാൻസിലർക്ക് ലഭിച്ചതിന്മേൽ രജിസ്ട്രാർ പ്രാഥമികാന്വേഷണം നടത്തുകയും രാഹുൽ ജി.ദേവ് എന്ന രണ്ടാം വർഷ എം.എ വിദ്യാർത്ഥിയെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും ഹോസ്റ്റലിൽ നിന്നും പുറത്താക്കുകയും ചെയ്തു. |
| (ഇ) | പ്രതികളായ വിദ്യാർത്ഥികൾ ഏത് വിദ്യാർത്ഥി സംഘടനയിലെ അംഗങ്ങളാണെന്ന് അറിവുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**